# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (3)

## ദൂത് പത്ത്
## ദൈവത്തിനൊത്തവണ്ണമുള്ള മേയ്പ്പ്

JL *Hymns*: ML424, E857

തിരുവെഴുത്ത് വായന: യോഹ. 21:15-17; 10:9-17;
1 പത്രൊ. 5:2, 4; 2:25; എബ്രാ. 13:20

യോഹ. 21:15 പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:16 രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:17 മൂന്നാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു അവൻ മൂന്നാമതും തന്നോടു ചോദിച്ചതിനാൽ പത്രൊസ് ദുഃഖിതനായി. അവൻ അവനോട്, കർത്താവേ, നിനക്ക് എല്ലാം അറിയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു എന്നു പറഞ്ഞു. യേശു അവനോട്, എന്റെ ആടുകളെ പോഷിപ്പിക്കുക.

യോഹ. 10:9 ഞാൻ വാതിൽ ആകുന്നു; ആരെങ്കിലും എന്നിലൂടെ പ്രവേശിക്കുന്നുവെങ്കിൽ, അവൻ രക്ഷിക്കപ്പെടുകയും, അകത്തേക്കു പോകുകയും, പുറത്തേക്കു പോകുകയും, മേച്ചിൽപ്പുറം കണ്ടെത്തുകയും ചെയ്യും.

യോഹ. 10:10 മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു.

യോഹ. 10:11 ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വച്ചുകൊടുക്കുന്നു.

യോഹ. 10:12 ഇടയനല്ലാത്തവനും, ആടുകൾ തന്റെ സ്വന്തം അല്ലാത്തവനുമായ കൂലിക്കാരൻ, ചെന്നായ് വരുന്നത് കാണുകയും, ആടുകളെ വിട്ട്

ഓടിക്കളയുകയും ചെയ്യുന്നു; ചെന്നായ് അവയെ പെട്ടെന്നു പിടിച്ചെടുക്കുകയും ചിതറിക്കുകയും ചെയ്യുന്നു.

യോഹ. 10:13 അവൻ കൂലിക്കാരനും ആടുകളെക്കുറിച്ച് കരുതലില്ലാത്തവനും ആയതുകൊണ്ട് ഓടിക്കളയുന്നു.

യോഹ. 10:14 ഞാൻ നല്ല ഇടയൻ ആകുന്നു, ഞാൻ എന്റെ സ്വന്തമായവയെ അറിയുകയും, എന്റെ സ്വന്തമായവ എന്നെ അറിയുകയും ചെയ്യുന്നു,

യോഹ. 10:15 പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ തന്നെ; ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ വച്ചുകൊടുക്കുന്നു.

യോഹ. 10:16 ഈ ആലയിൽനിന്നല്ലാത്ത വേറെ ആടുകളും എനിക്കുണ്ട്; ഞാൻ അവയെയും നയിക്കേണ്ടതാകുന്നു, അവ എന്റെ ശബ്ദം കേൾക്കുകയും, ഒരു ആട്ടിൻകൂട്ടവും, ഒരു ഇടയനും ആകുകയും ചെയ്യും.

യോഹ. 10:17 എന്റെ ജീവനെ വീണ്ടും എടുക്കേണ്ടതിന്, ഞാൻ അതിനെ വച്ചുകൊടുക്കുന്നതുകൊണ്ട്, പിതാവ് എന്നെ സ്നേഹിക്കുന്നു.

1 പത്രൊ. 5:2 നിങ്ങളുടെ ഇടയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുവിൻ, നിർബന്ധത്താലല്ല ദൈവത്തിനൊത്തവണ്ണം മനസ്സോടെയും, നീച മാർഗത്തിലൂടെ നേട്ടം അന്വേഷിച്ചുകൊണ്ടല്ല ഉൽസാഹത്തോടെയും,

1 പത്രൊ. 5:4 മുഖ്യ ഇടയൻ വെളിവാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം കൈക്കൊള്ളും.

1 പത്രൊ. 2:25 നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു.

എബ്രാ. 13:20 നിത്യ ഉടമ്പടിയുടെ രക്തത്തിൽ, ആടുകളുടെ മഹാ ഇടയനായ, നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽ നിന്നു പുറത്തുകൊണ്ടുവന്ന, സമാധാനത്തിന്റെ ദൈവം,

**I. ആട്ടിൻകൂട്ടത്തിന് സർവവും ഉൾക്കൊള്ളുന്ന ആർദ്രമായ പരിചരണം നൽകുകയാണ് മേയ്പിന്റെ അർഥം; ആടുകളുടെ എല്ലാ ആവശ്യങ്ങളും പരിപാലിക്കുക എന്നതാണ് മേയ്പ് സൂചിപ്പിക്കുന്നത്—യോഹ. 21:15-17; പ്രവൃ. 20:28.**

യോഹ. 21:15 പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:16 രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു.

അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:17 — മൂന്നാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു അവൻ മൂന്നാമതും തന്നോടു ചോദിച്ചതിനാൽ പത്രൊസ് ദുഃഖിതനായി. അവൻ അവനോട്, കർത്താവേ, നിനക്ക് എല്ലാം അറിയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു എന്നു പറഞ്ഞു. യേശു അവനോട്, എന്റെ ആടുകളെ പോഷിപ്പിക്കുക.

പ്രവൃ. 20:28 — നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ.

**II. മേയ്പിന്റെ രണ്ട് അടിസ്ഥാന മൂലകങ്ങൾ പരിലാളനവും പരിപോഷണവുമാണ്—എഫെ. 5:29:**

എഫെ. 5:29 — ആരും തന്റെ സ്വന്തം ജഡത്തെ ഒരിക്കലും വെറുത്തിട്ടില്ല, ക്രിസ്തുവും സഭയോട് ചെയ്യുന്നതുപോലെ, അതിനെ പരിപോഷിപ്പിക്കുകയും പരിലാളിക്കുകയുമത്രേ ചെയ്യുന്നത്,

A. മേയ്ക്കുക എന്നാൽ ആശ്വസിപ്പിക്കുകയും, സാന്ത്വനിപ്പിക്കുകയും, ആർദ്രമായ സ്നേഹത്തോടെ പോറ്റുകയും, ആർദ്രമായ കരുതലോടെ വളർത്തുകയും ചെയ്യുന്നതാണ്.

B. മറ്റുള്ളവരെ മേയ്ക്കുമ്പോൾ, ഒന്നാമതായി അവരെ സന്തോഷിപ്പിക്കുവാൻ നാം അവരെ പരിലാളിക്കണം, അതിനുശേഷം നാം അവരെ പരിപോഷിപ്പിക്കണം.

**III. ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ മേയ്പിന്റെ അടിയന്തിര ആവശ്യമുണ്ട്—യോഹ. 21:16; 1 പത്രൊ. 5:2, 4:**

യോഹ. 21:16 — രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

1 പത്രൊ. 5:2 — നിങ്ങളുടെ ഇടയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുവിൻ, നിർബന്ധത്താലല്ല ദൈവത്തിനൊത്തവണ്ണം മനസ്സോടെയും, നീച മാർഗത്തിലൂടെ നേട്ടം അന്വേഷിച്ചുകൊണ്ടല്ല ഉൽസാഹത്തോടെയും,

1 പത്രൊ. 5:4 — മുഖ്യ ഇടയൻ വെളിവാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം കൈക്കൊള്ളും.

A. നമ്മുടെ ഇടയിലെ ഏറ്റവും വലിയ പോരായ്മ മേയ്പിന്റെ കാര്യത്തിലാണ്.

B. തന്റെ ജൈവിക രക്ഷയിൽ, പിതാവായ ദൈവം ആദ്യം നമ്മെ ആത്മാവായ ദൈവത്താൽ വീണ്ടും ജനിപ്പിക്കുന്നു, അതിനുശേഷം നാം നിത്യതയോളം

അവന്റെ ജീവനിൽ നിലനിൽക്കുകയും വളരുകയും ചെയ്യേണ്ടതിന് നമ്മുടെ ഇടയനെന്ന നിലയിൽ പുത്രനായ ദൈവത്തിൽ നമ്മെ മേയ്ക്കുന്നു—1:3; യോഹ. 10:11; വെളി. 7:17.

1 പത്രൊ. 1:3 — നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു,

യോഹ. 10:11 — ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വച്ചുകൊടുക്കുന്നു.

വെളി. 7:17 — എന്തെന്നാൽ സിംഹാസനത്തിനു മധ്യേയുള്ള കുഞ്ഞാട് അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് വഴിനടത്തുകയും ചെയ്യും; ദൈവമോ അവരുടെ കണ്ണുകളിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും.

C. ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി അവർ ദിവ്യജീവനിൽ പക്വതയിലേക്ക് വളരുന്നതിന് വിശ്വാസികളെ മേയ്ക്കുന്നത് നിർണായകമാണ്—എഫെ. 4:13-16.

എഫെ. 4:13 — ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

എഫെ. 4:14 — അത് നാം ഇനിമേൽ തിരകളാൽ ഉലയുകയും, തെറ്റിന്റെ വ്യവസ്ഥിതിയുടെ വീക്ഷണത്തോടെ കൗശലത്താൽ, മനുഷ്യരുടെ ഉപായത്താലുള്ള ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുകയും ചെയ്യുന്ന ശിശുക്കൾ ആകാതെ,

എഫെ. 4:15 — സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

എഫെ. 4:16 — അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

D. ക്രിസ്തുവിന്റെ ശരീരത്തെ കെട്ടുപണി ചെയ്യുന്ന മേയ്പ് അന്യോന്യമുള്ള മേയ്പാണ്—1 കൊരി. 12:23-26:

1 കൊരി. 12:23 — ശരീരത്തിൽ മാനം കുറഞ്ഞവ എന്നു നാം കരുതുന്ന അവയവങ്ങളെ നാം അധികം മാനം അണിയിക്കുന്നു; നമ്മുടെ അഴകില്ലാത്ത അവയവങ്ങൾ അധികം അഴകുള്ളതായിരിക്കുവാൻ ഇടവരുന്നു,

1 കൊരി. 12:24 — എന്നാൽ നമ്മുടെ അഴകുള്ള അവയവങ്ങൾക്ക് അത് ആവശ്യമില്ല. കുറവുള്ള അവയവത്തിന് അധികം മാനം നൽകിക്കൊണ്ട് ദൈവം ശരീരത്തെ ചേർത്തു

സമന്വയിപ്പിച്ചിരിക്കുന്നു,

1 കൊരി. 12:25 അത് ശരീരത്തിൽ ഒരു ഭിന്നതയും ഇല്ലാതെ, അവയവങ്ങൾ അന്യോന്യം ഒരേ കരുതൽ ഉണ്ടായിരിക്കേണ്ടതിനത്രേ.

1 കൊരി. 12:26 ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവം മഹത്വപ്പെടുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ സന്തോഷിക്കുന്നു.

1. എല്ലാ വിശ്വാസികൾക്കും, അവരുടെ ആത്മിക വളർച്ചയിൽ ഏത് ഘട്ടത്തിലായിരുന്നാലും, മേയ്പ് ആവശ്യമാണ്; നമുക്കെല്ലാവർക്കും കുറവുകളും പോരായ്മകളും ഉണ്ട്, നമുക്ക് മറ്റുള്ളവരുടെ മേയ്പ് ആവശ്യമാണ്.
2. നാം ക്രിസ്തുവിന്റെ ജൈവിക മേയ്പിൻ കീഴിലായിരിക്കുകയും, മറ്റുള്ളവരെ മേയ്ക്കുവാൻ അവനോട് ഒന്നായിരിക്കുകയും വേണം—യോഹ. 10:11, 16; എബ്രാ. 13:20-21; 1 പത്രൊ. 5:4; 2:25.

   യോഹ. 10:11 ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വച്ചുകൊടുക്കുന്നു.

   യോഹ. 10:16 ഈ ആലയിൽനിന്നല്ലാത്ത വേറെ ആടുകളും എനിക്കുണ്ട്; ഞാൻ അവയെയും നയിക്കേണ്ടതാകുന്നു, അവ എന്റെ ശബ്ദം കേൾക്കുകയും, ഒരു ആട്ടിൻകൂട്ടവും, ഒരു ഇടയനും ആകുകയും ചെയ്യും.

   എബ്രാ. 13:20 നിത്യ ഉടമ്പടിയുടെ രക്തത്തിൽ, ആടുകളുടെ മഹാ ഇടയനായ, നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽ നിന്നു പുറത്തുകൊണ്ടുവന്ന, സമാധാനത്തിന്റെ ദൈവം,

   എബ്രാ. 13:21 യേശു ക്രിസ്തു മുഖാന്തരം അവന്റെ ദൃഷ്ടിയിൽ സുപ്രസാദകരമായതു നമ്മിൽ ചെയ്തുകൊണ്ട്, അവന്റെ ഹിതം ചെയ്യുന്നതിനായി നിങ്ങളെ സകല സൽപ്രവൃത്തിയിലും തികഞ്ഞവരാക്കട്ടെ. അവന് എന്നെന്നേക്കും മഹത്വം. ആമേൻ.

   1 പത്രൊ. 5:4 മുഖ്യ ഇടയൻ വെളിവാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം കൈക്കൊള്ളും.

   1 പത്രൊ. 2:25 നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു.

3. നാം അന്യോന്യം മേയ്ക്കുകയും മേയ്ക്കപ്പെടുകയും ചെയ്യുന്ന ആടുകളും ഇടയന്മാരുമാണ്; ഈ മേയ്പിലൂടെ, സഭ ക്രിസ്തുവിന്റെ ശരീരമായി പണിയപ്പെടുന്നു—എബ്രാ. 5:14; എഫെ. 4:12-13.

   എബ്രാ. 5:14 എന്നാൽ കട്ടിയുള്ള ആഹാരം പൂർണവളർച്ച പ്രാപിച്ചവർക്കുള്ളതാകുന്നു, അവർ അഭ്യാസം നിമിത്തം

നന്മയും തിന്മയും തമ്മിൽ വകതിരിച്ചറിയുന്നതിന് തങ്ങളുടെ ഇന്ദ്രിയങ്ങളെ പരിശീലിപ്പിച്ചവർ ആകുന്നു.

എഫെ. 4:12 അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം,

എഫെ. 4:13 ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

E. നാം ക്രിസ്തുവിനാൽ എത്രത്തോളം സംരചിക്കപ്പെടുന്നുവോ അത്രത്തോളം നാം സ്വതേ ഒരു മേയ്പിൻ ജീവിതം നയിക്കുകയും മറ്റുള്ളവരെ കരുതാനുള്ള ഭാരം ഉണ്ടായിരിക്കുകയും ചെയ്യും—കൊലൊ. 1:27; 3:10-11, 14:

കൊലൊ. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

കൊലൊ. 3:14 ഇവ എല്ലാറ്റിനും മീതെ തികവിന്റെ ഏകീകരണ ബന്ധമായ സ്നേഹം ധരിക്കുവിൻ.

1. നമ്മുടെ ആത്മിക ജീവിതത്തിലുള്ള ക്രിസ്തുവിന്റെ സംരചനയ്ക്ക് ഒരു മേയ്പിൻ വശമുണ്ട്—യോഹ. 21:15-17.

യോഹ. 21:15 പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:16 രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:17 മൂന്നാമതും അവൻ അവനോട്, യോഹന്നാന്റെ

മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു അവൻ മൂന്നാമതും തന്നോടു ചോദിച്ചതിനാൽ പത്രൊസ് ദുഃഖിതനായി. അവൻ അവനോട്, കർത്താവേ, നിനക്ക് എല്ലാം അറിയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു എന്നു പറഞ്ഞു. യേശു അവനോട്, എന്റെ ആടുകളെ പോഷിപ്പിക്കുക.

2. മേയ്ക്കുക എന്നത് മേയ്ക്കുവാൻ മറ്റുള്ളവരാൽ പ്രോത്സാഹിപ്പിക്കപ്പെടുന്നതിന് പ്രതികരിക്കുന്നതിന്റെ വിഷയമല്ല.
3. ക്രിസ്തുവിനാൽ സംരചിക്കപ്പെടുന്നതിന്റെ ഫലമാണ് മേയ്പ്—കൊലൊ. 3:4, 10-11.

| | |
|---|---|
| കൊലൊ. 3:4 | നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. |
| കൊലൊ. 3:10 | തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ, |
| കൊലൊ. 3:11 | അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു. |

4. നമ്മുടെ ആളത്തത്തിൽ ക്രിസ്തുവിനാൽ സംരചിക്കപ്പെട്ടിരിക്കുന്ന ഭാഗമാണ് മറ്റുള്ളവരെ മേയ്ക്കുന്ന ഭാഗം.
5. നമുക്ക് ആരെയും മേയ്ക്കുവാൻ കഴിയില്ല; നമ്മിലേക്ക് സംരചിക്കപ്പെട്ട ക്രിസ്തുവാണ് ഇടയൻ—യോഹ. 10:11; 1 പത്രൊ. 2:25; 5:2, 4; എബ്രാ. 13:20.

| | |
|---|---|
| യോഹ. 10:11 | ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വച്ചുകൊടുക്കുന്നു. |
| 1 പത്രൊ. 2:25 | നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു. |
| 1 പത്രൊ. 5:2 | നിങ്ങളുടെ ഇടയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുവിൻ, നിർബന്ധത്താലല്ല ദൈവത്തിനൊത്തവണ്ണം മനസ്സോടെയും, നീച മാർഗത്തിലൂടെ നേട്ടം അന്വേഷിച്ചുകൊണ്ടല്ല ഉൽസാഹത്തോടെയും, |
| 1 പത്രൊ. 5:4 | മുഖ്യ ഇടയൻ വെളിവാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം കൈക്കൊള്ളും. |
| എബ്രാ. 13:20 | നിത്യ ഉടമ്പടിയുടെ രക്തത്തിൽ, ആടുകളുടെ മഹാ ഇടയനായ, നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽ നിന്നു പുറത്തുകൊണ്ടുവന്ന, |

സമാധാനത്തിന്റെ ദൈവം,

F. നമ്മുടെ പിതാവായ ദൈവത്തിന്റെ സ്നേഹവും ആർദ്രതയും നിറഞ്ഞ ഹൃദയത്തിനും, നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ അന്വേഷിക്കുകയും മേയ്ക്കുകയും ചെയ്യുന്ന ആത്മാവിനും ഒത്തവണ്ണം നാം ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കണം—ലൂക്കൊ. 15:1-32:

ലൂക്കൊ. 15:1 ചുങ്കക്കാരും പാപികളും എല്ലാം അവനെ കേൾക്കുവാൻ അവന്റെ അടുക്കലേക്കു വരുകയായിരുന്നു.

ലൂക്കൊ. 15:2 ഈ മനുഷ്യൻ പാപികളെ സ്വീകരിക്കുകയും അവരോടൊപ്പം ഭക്ഷിക്കുകയും ചെയ്യുന്നു എന്നു പറഞ്ഞുകൊണ്ട് പരീശന്മാരും ശാസ്ത്രിമാരും അവരുടെ ഇടയിൽ പിറുപിറുത്തു.

ലൂക്കൊ. 15:3 അവൻ അവരോട് ഈ ഉപമ സംസാരിച്ചു,

ലൂക്കൊ. 15:4 നിങ്ങളിൽ ഏതു മനുഷ്യൻ, തനിക്ക് നൂറു ആടുകൾ ഉണ്ടായിട്ട് അതിൽ ഒന്നു നഷ്ടപ്പെട്ടുപോയാൽ, തൊണ്ണൂറ്റൊമ്പതിനെ മരുഭൂമിയിൽ വിട്ടിട്ട്, അതിനെ കണ്ടെത്തുംവരെ നഷ്ടപ്പെട്ടതിന്റെ പിന്നാലെ പോകാതിരിക്കും?

ലൂക്കൊ. 15:5 അതിനെ കണ്ടെത്തുമ്പോഴോ, അവൻ സന്തോഷിച്ചുകൊണ്ട് തന്റെ ചുമലിന്മേൽ അതിനെ വയ്ക്കുന്നു.

ലൂക്കൊ. 15:6 അവൻ തന്റെ വീട്ടിലേക്കു വരുമ്പോൾ, എന്നോടൊപ്പം സന്തോഷിക്കുവിൻ, നഷ്ടപ്പെട്ടുപോയ എന്റെ ആടിനെ ഞാൻ കണ്ടെത്തിയിരിക്കുന്നു എന്ന് അവരോടു പറഞ്ഞുകൊണ്ട്, തന്റെ സ്നേഹിതരെയും അയൽക്കാരെയും അവൻ വിളിച്ചു കൂട്ടുന്നു.

ലൂക്കൊ. 15:7 ഞാൻ നിങ്ങളോടു പറയുന്നു, അങ്ങനെതന്നെ മാനസാന്തരം ആവശ്യമില്ലാത്തതൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗത്തിൽ അധികം സന്തോഷം ഉണ്ടാകും.

ലൂക്കൊ. 15:8 അല്ലെങ്കിൽ ഏതു സ്ത്രീ തനിക്കു പത്തു വെള്ളിനാണയങ്ങൾ ഉണ്ടായിട്ട്, ഒരു നാണയം നഷ്ടമാകുന്നു എങ്കിൽ, വിളക്കു കത്തിക്കുകയും, വീടു അടിച്ചുവാരുകയും, അതു കണ്ടെത്തുംവരെ സൂക്ഷ്മതയോടെ അന്വേഷിക്കാതിരിക്കുകയും ചെയ്യും?

ലൂക്കൊ. 15:9 അതു കണ്ടെത്തുമ്പോഴോ, എന്നോടൊപ്പം സന്തോഷിക്കുവിൻ, എനിക്കു നഷ്ടമായ നാണയം ഞാൻ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട്, തന്റെ സ്നേഹിതമാരെയും അയൽക്കാരത്തികളെയും അവൾ വിളിച്ചു കൂട്ടുന്നു.

ലൂക്കൊ. 15:10 അങ്ങനെതന്നെ, ഞാൻ നിങ്ങളോടു പറയുന്നു, ദൈവദൂതന്മാരുടെ സന്നിധിയിൽ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സന്തോഷം ഉണ്ടാകുന്നു.

ലൂക്കൊ. 15:11 പിന്നെ അവൻ പറഞ്ഞു, ഒരു മനുഷ്യന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു.

ലൂക്കൊ. 15:12 അവരിൽ ഇളയവൻ പിതാവിനോട്, പിതാവേ, സ്വത്തിൽ

എന്റെ വകയിൽവരുന്ന പങ്കിനെ എനിക്കു നൽകേണം എന്നു പറഞ്ഞു. അവനോ തന്റെ ജീവനത്തെ അവർക്കു വിതരണം ചെയ്തു.

ലൂക്കൊ. 15:13 ഏറെനാൾ കഴിയും മുമ്പേ, ഇളയ പുത്രൻ എല്ലാം ഒന്നിച്ചു കൂട്ടിയിട്ട്, വിദേശത്ത്, ദൂരെയുള്ള ഒരു ദേശത്തേക്കു പോകുകയും, അവിടെ ദുർന്നടപ്പിൽ ജീവിച്ചുകൊണ്ട് തന്റെ സ്വത്ത് ധൂർത്തടിക്കുകയും ചെയ്തു.

ലൂക്കൊ. 15:14 അവൻ എല്ലാം ചെലവാക്കി കഴിഞ്ഞപ്പോൾ, ആ ദേശത്തെമ്പാടും കഠിനക്ഷാമം ഉണ്ടായി, അവൻ ബുദ്ധിമുട്ടിൽ ആകുവാൻ തുടങ്ങി.

ലൂക്കൊ. 15:15 അവൻ പുറപ്പെട്ട് ആ ദേശത്തിലെ ഒരു പൗരനോട് അവനെത്തന്നെ ചേർത്തു; അവൻ പന്നികളെ തീറ്റുവാൻ തന്റെ വയലുകളിലേക്ക് അവനെ അയച്ചു.

ലൂക്കൊ. 15:16 അവൻ പന്നികൾ തിന്നിരുന്ന വാളവര കൊണ്ട് തൃപ്തിപ്പെടുവാൻ വാഞ്ചിച്ചു, ആരും അവന് ഒന്നും കൊടുത്തതുമില്ല.

ലൂക്കൊ. 15:17 എന്നാൽ അവൻ തന്നിലേക്കു തന്നെ വന്നപ്പോൾ, അവൻ പറഞ്ഞു, എന്റെ പിതാവിന്റെ എത്ര കൂലിവേലക്കാർക്ക് അപ്പത്തിന്റെ സമൃദ്ധിയുണ്ട്, എന്നാൽ ഞാനോ ഇവിടെ ക്ഷാമത്തിൽ നശിക്കുന്നു!

ലൂക്കൊ. 15:18 ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുക്കൽ പോകും, ഞാൻ അവനോടു പറയും, പിതാവേ, ഞാൻ സ്വർഗത്തിന് എതിരായും നിന്റെ മുമ്പാകെയും പാപം ചെയ്തിരിക്കുന്നു.

ലൂക്കൊ. 15:19 ഇനിമേൽ നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല; നിന്റെ കൂലിവേലക്കാരിൽ ഒരുവനെപ്പോലെ എന്നെ ആക്കേണമേ.

ലൂക്കൊ. 15:20 അവൻ എഴുന്നേറ്റു തന്റെ സ്വന്തം പിതാവിന്റെ അടുക്കൽ വന്നു. എന്നാൽ അവൻ വളരെ ദൂരെ ആയിരിക്കുമ്പോൾ തന്നെ, അവന്റെ പിതാവ് അവനെ കണ്ട് മനസ്സലിവുണ്ടാകുകയും, ഓടി അവന്റെ കഴുത്തിന്മേൽ വീഴുകയും വാത്സല്യപൂർവം അവനെ ചുംബിക്കുകയും ചെയ്തു.

ലൂക്കൊ. 15:21 പുത്രൻ അവനോട്, പിതാവേ, ഞാൻ സ്വർഗത്തിന് എതിരായും നിന്റെ മുമ്പാകെയും പാപം ചെയ്തിരിക്കുന്നു; ഇനിമേൽ നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല എന്നു പറഞ്ഞു.

ലൂക്കൊ. 15:22 എന്നാൽ പിതാവു തന്റെ അടിമകളോടു പറഞ്ഞു, മേൽത്തരമായ ആ മേലങ്കി പെട്ടെന്നു പുറത്തു കൊണ്ടുവന്ന് അവന്റെ മേൽ ഇടുവിൻ, അവന്റെ കൈയിൽ മോതിരവും പാദങ്ങളിൽ ചെരുപ്പുകളും ഇടുവിൻ.

ലൂക്കൊ. 15:23 തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവരുവിൻ; അതിനെ അറുക്കുവിൻ, നമുക്കു ഭക്ഷിച്ച് ആനന്ദിക്കാം,

ലൂക്കൊ. 15:24 എന്തുകൊണ്ടെന്നാൽ എന്റെ ഈ പുത്രൻ മരിച്ചവനായിരുന്നു,

വീണ്ടും ജീവിക്കുന്നു; അവൻ നഷ്ടപ്പെട്ടിരുന്നു, കണ്ടെത്തിയുമിരിക്കുന്നു. അവർ ആനന്ദിക്കുവാൻ തുടങ്ങി.

ലൂക്കൊ. 15:25 അവന്റെ മൂത്ത പുത്രനാകട്ടെ വയലിലായിരുന്നു. അവൻ വീടിനു അരികിലേക്കു വന്നുകൊണ്ടിരിക്കുമ്പോൾ, സംഗീതവും നൃത്തവും കേട്ടു,

ലൂക്കൊ. 15:26 അവൻ ബാല്യക്കാരിൽ ഒരുവനെ തന്റെ അടുക്കൽ വിളിച്ചിട്ട്, ഇതെല്ലാം എന്തായിരിക്കാം എന്ന് ആരാഞ്ഞു.

ലൂക്കൊ. 15:27 അവൻ അവനോട്, നിന്റെ സഹോദരൻ വന്നിരിക്കുന്നു, അവനെ ആരോഗ്യത്തോടെ തിരികെ ലഭിച്ചതിനാൽ, നിന്റെ പിതാവു തടിപ്പിച്ച കാളക്കുട്ടിയെ അറുത്തിരിക്കുന്നു എന്നു പറഞ്ഞു.

ലൂക്കൊ. 15:28 എന്നാൽ അവനു കോപം ഉണ്ടായി, പ്രവേശിക്കുവാൻ ഇച്ഛിച്ചതുമില്ല. അവന്റെ പിതാവ് പുറത്തു വന്ന് അവനോട് അഭ്യർഥിച്ചു.

ലൂക്കൊ. 15:29 എന്നാൽ അവൻ തന്റെ പിതാവിനോട് ഉത്തരം പറഞ്ഞു, ഇതാ, അനേകം വർഷങ്ങളായി ഞാൻ നിനക്കു വേണ്ടി അടിമയെപ്പോലെ സേവിച്ചുവരുന്നു, ഒരിക്കലും നിന്റെ കൽപന അവഗണിച്ചിട്ടില്ല, എന്റെ സ്നേഹിതന്മാരോടുകൂടെ ആനന്ദിക്കേണ്ടതിന് നീ എനിക്ക് ഒരിക്കലും ഒരു കോലാടിനെ നൽകീട്ടുമില്ല;

ലൂക്കൊ. 15:30 എന്നാൽ വേശ്യമാരോടുകൂടെ നിന്റെ ജീവനത്തെ വിഴുങ്ങിക്കളഞ്ഞ നിന്റെ ഈ പുത്രൻ വന്നപ്പോൾ, തടിപ്പിച്ച കാളക്കുട്ടിയെ നീ അവനായി അറുത്തു.

ലൂക്കൊ. 15:31 അവൻ അവനോടു പറഞ്ഞു, കുഞ്ഞേ, നീ എന്നോടുകൂടെ എപ്പോഴും ഉണ്ടല്ലോ, എന്റേതെല്ലാം നിന്റേതാകുന്നു.

ലൂക്കൊ. 15:32 എന്നാൽ നിന്റെ ഈ സഹോദരൻ മരിച്ചവനായിരുന്നു, ജീവനിലേക്കു വന്നിരിക്കുന്നു, അവൻ നഷ്ടപ്പെട്ടിരുന്നു കണ്ടെത്തിയുമിരിക്കുന്നു, അതുകൊണ്ട് ആനന്ദിക്കുകയും സന്തോഷിക്കുകയും ചെയ്യേണമായിരുന്നു.

1. നാം സ്നേഹത്തിൽ അന്യോന്യം മേയ്ക്കണം—1 കൊരി. 13:1-13.

1 കൊരി. 13:1 ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹം ഇല്ല എങ്കിൽ, ഞാൻ ശബ്ദം ഉണ്ടാക്കുന്ന പിച്ചളയോ, മുഴങ്ങുന്ന ഇലത്താളമോ ആയിത്തീർന്നിരിക്കുന്നു.

1 കൊരി. 13:2 എനിക്ക് പ്രവചന വരം ഉണ്ടായിരിക്കുകയും സകല മർമങ്ങളും സകല പരിജ്ഞാനവും അറിയുകയും, മലകളെ നീക്കുവാൻ തക്ക സകല വിശ്വാസവും ഉണ്ടായിരിക്കുകയും ചെയ്യുമെങ്കിലും, സ്നേഹം ഇല്ല എങ്കിൽ, ഞാൻ ഒന്നും അല്ല.

1 കൊരി. 13:3 അന്നദാനം ചെയ്യുവാൻ എന്റെ സകല വസ്തുവകകളും ദാനം ചെയ്താലും, ഞാൻ പ്രശംസിക്കേണ്ടതിന് എന്റെ ശരീരത്തെ ഏൽപ്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്ക് ഒരു പ്രയോജനവും

ഇല്ല.

| | |
|---|---|
| 1 കൊരി. 13:4 | സ്നേഹം ദീർഘമായി കഷ്ടമേൽക്കുന്നു. സ്നേഹം ദയ കാണിക്കുന്നു; അത് അസൂയപ്പെടുന്നില്ല. സ്നേഹം വമ്പു പറയുന്നില്ല, നിഗളിക്കുന്നില്ല; |
| 1 കൊരി. 13:5 | അത് അനുചിതമായി പെരുമാറുന്നില്ല, അതിന്റെ സ്വന്തകാര്യങ്ങൾ അന്വേഷിക്കുന്നില്ല; അത് പ്രകോപിപ്പിക്കപ്പെടുന്നില്ല, തിന്മ കണക്കിടുന്നില്ല; |
| 1 കൊരി. 13:6 | അത് അനീതി നിമിത്തം സന്തോഷിക്കുന്നില്ല, എന്നാൽ സത്യത്തോടൊപ്പം സന്തോഷിക്കുന്നു; |
| 1 കൊരി. 13:7 | അത് എല്ലാം മറയ്ക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. |
| 1 കൊരി. 13:8 | സ്നേഹം ഒരിക്കലും വീണുപോകുന്നില്ല. എന്നാൽ പ്രവചനങ്ങളോ, അവ പ്രയോജനമില്ലാത്തവയാകും; ഭാഷകളോ, അവ നിലച്ചുപോകും; അറിവോ, അത് പ്രയോജനമില്ലാത്തതാകും. |
| 1 കൊരി. 13:9 | ഭാഗികമായി നാം അറിയുകയും, ഭാഗികമായി നാം പ്രവചിക്കുകയും ചെയ്യുന്നു; |
| 1 കൊരി. 13:10 | എന്നാൽ പൂർണമായത് വരുമ്പോൾ, ഭാഗികമായത് പ്രയോജനമില്ലാത്തതാകും. |
| 1 കൊരി. 13:11 | ഞാൻ ശിശു ആയിരുന്നപ്പോൾ, ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ അനുമാനിച്ചു; പുരുഷനായിത്തീർന്ന ശേഷമോ, ഞാൻ ബാലിശമായവയെ ഉപേക്ഷിച്ചിരിക്കുന്നു. |
| 1 കൊരി. 13:12 | ഇപ്പോൾ നാം കണ്ണാടിയിൽ അവ്യക്തമായി കാണുന്നു, എന്നാൽ അപ്പോൾ മുഖാമുഖം കാണും; ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു, എന്നാൽ അപ്പോൾ ഞാൻ പൂർണമായി അറിയപ്പെട്ടതുപോലെ, പൂർണമായി അറിയും. |
| 1 കൊരി. 13:13 | ഇപ്പോൾ വിശ്വാസം, പ്രത്യാശ, സ്നേഹം, ഇവ മൂന്നും നിലനിൽക്കുന്നു; ഇവയിൽ ഏറ്റവും വലിയതോ സ്നേഹം തന്നെ. |

2. നമുക്ക് എന്തെങ്കിലും ആയിരിക്കുവാനും എന്തെങ്കിലും ചെയ്യുവാനുമുള്ള ഏറ്റവും മികച്ച മാർഗം സ്നേഹമാണ്—12:31:

| | |
|---|---|
| 1 കൊരി. 12:31b | ...അത്രയുമല്ല അതിശ്രേഷ്ഠമായ ഒരു മാർഗം ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നു. |

   a. ദൈവം നമുക്ക് സ്നേഹത്തിന്റെ ആത്മാവ് നൽകിയിരിക്കുന്നു—2 തിമൊ. 1:7.

| | |
|---|---|
| 2 തിമൊ. 1:7 | ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്. |

b. ദൈവം സ്നേഹമായതിനാലും, നാം അവന്റെ വർഗമാകാൻ ദൈവത്താൽ വീണ്ടും ജനിപ്പിക്കപ്പെട്ടിരിക്കുന്നതിനാലും, നാം സ്നേഹമായിരിക്കണം—1 യോഹ. 4:8; യോഹ. 3:6.

| | |
|---|---|
| 1 യോഹ. 4:8 | സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ. |
| യോഹ. 3:6 | ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു. |

3. ക്രിസ്തുവിന്റെ ശരീരം സ്നേഹത്തിൽ അതിനെത്തന്നെ പണിയുന്നു—എഫെ. 4:16.

| | |
|---|---|
| എഫെ. 4:16 | അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു. |

**IV. ക്രിസ്തു നല്ല ഇടയനും, മഹാ ഇടയനും, മുഖ്യ ഇടയനും, നമ്മുടെ ദേഹികളുടെ ഇടയനുമാണ്—യോഹ. 10:9-17; എബ്രാ. 13:20-21; 1 പത്രൊ. 5:4; 2:25:**

| | |
|---|---|
| യോഹ. 10:9 | ഞാൻ വാതിൽ ആകുന്നു; ആരെങ്കിലും എന്നിലൂടെ പ്രവേശിക്കുന്നുവെങ്കിൽ, അവൻ രക്ഷിക്കപ്പെടുകയും, അകത്തേക്കു പോകുകയും, പുറത്തേക്കു പോകുകയും, മേച്ചിൽപ്പുറം കണ്ടെത്തുകയും ചെയ്യും. |
| യോഹ. 10:10 | മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു. |
| യോഹ. 10:11 | ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വച്ചുകൊടുക്കുന്നു. |
| യോഹ. 10:12 | ഇടയനല്ലാത്തവനും, ആടുകൾ തന്റെ സ്വന്തം അല്ലാത്തവനുമായ കൂലിക്കാരൻ, ചെന്നായ് വരുന്നത് കാണുകയും, ആടുകളെ വിട്ട് ഓടിക്കളയുകയും ചെയ്യുന്നു; ചെന്നായ് അവയെ പെട്ടെന്നു പിടിച്ചെടുക്കുകയും ചിതറിക്കുകയും ചെയ്യുന്നു. |
| യോഹ. 10:13 | അവൻ കൂലിക്കാരനും ആടുകളെക്കുറിച്ച് കരുതലില്ലാത്തവനും ആയതുകൊണ്ട് ഓടിക്കളയുന്നു. |
| യോഹ. 10:14 | ഞാൻ നല്ല ഇടയൻ ആകുന്നു, ഞാൻ എന്റെ സ്വന്തമായവയെ അറിയുകയും, എന്റെ സ്വന്തമായവ എന്നെ അറിയുകയും ചെയ്യുന്നു, |
| യോഹ. 10:15 | പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ തന്നെ; ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ വച്ചുകൊടുക്കുന്നു. |
| യോഹ. 10:16 | ഈ ആലയിൽനിന്നല്ലാത്ത വേറെ ആടുകളും എനിക്കുണ്ട്; ഞാൻ അവയെയും നയിക്കേണ്ടതാകുന്നു, അവ എന്റെ |

ശബ്ദം കേൾക്കുകയും, ഒരു ആട്ടിൻകൂട്ടവും, ഒരു ഇടയനും ആകുകയും ചെയ്യും.

യോഹ. 10:17 എന്റെ ജീവനെ വീണ്ടും എടുക്കേണ്ടതിന്, ഞാൻ അതിനെ വച്ചുകൊടുക്കുന്നതുകൊണ്ട്, പിതാവ് എന്നെ സ്നേഹിക്കുന്നു.

എബ്രാ. 13:20 നിത്യ ഉടമ്പടിയുടെ രക്തത്തിൽ, ആടുകളുടെ മഹാ ഇടയനായ, നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽ നിന്നു പുറത്തുകൊണ്ടുവന്ന, സമാധാനത്തിന്റെ ദൈവം,

എബ്രാ. 13:21 യേശു ക്രിസ്തു മുഖാന്തരം അവന്റെ ദൃഷ്ടിയിൽ സുപ്രസാദകരമായതു നമ്മിൽ ചെയ്തുകൊണ്ട്, അവന്റെ ഹിതം ചെയ്യുന്നതിനായി നിങ്ങളെ സകല സൽപ്രവൃത്തിയിലും തികഞ്ഞവരാക്കട്ടെ. അവന് എന്നെന്നേക്കും മഹത്വം. ആമേൻ.

1 പത്രൊ. 5:4 മുഖ്യ ഇടയൻ വെളിവാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം കൈക്കൊള്ളും.

1 പത്രൊ. 2:25 നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു.

A. നല്ല ഇടയനെന്ന നിലയിൽ, നമുക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും കർത്താവായ യേശു വന്നു—യോഹ. 10:10-11:

യോഹ. 10:10 മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു.

യോഹ. 10:11 ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വച്ചുകൊടുക്കുന്നു.

1. തന്റെ ആടുകൾ തന്റെ സോയി ജീവനിൽ, തന്റെ ദിവ്യ ജീവനിൽ പങ്കുകൊള്ളേണ്ടതിന്, അവർക്ക് വീണ്ടെടുപ്പ് നിവർത്തിക്കുവാൻ തന്റെ ദേഹിജീവനെ, തന്റെ മനുഷ്യജീവനെ അവൻ വെച്ചുകൊടുത്തു—വാ. 11, 15, 17.

യോഹ. 10:11 ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വച്ചുകൊടുക്കുന്നു.

യോഹ. 10:15 പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ തന്നെ; ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ വച്ചുകൊടുക്കുന്നു.

യോഹ. 10:17 എന്റെ ജീവനെ വീണ്ടും എടുക്കേണ്ടതിന്, ഞാൻ അതിനെ വച്ചുകൊടുക്കുന്നതുകൊണ്ട്, പിതാവ് എന്നെ സ്നേഹിക്കുന്നു.

2. അവൻ തന്റെ ആടുകളെ ആലയിൽനിന്ന് പുറത്തുകൊണ്ടുവന്ന് പോറ്റുന്നിടമായ, മേച്ചിൽപ്പുറമായ, തന്നിലേക്കുതന്നെ അവരെ നയിക്കുന്നു, അവിടെ അവർ അവനിൽനിന്ന് സൗജന്യമായി ഭക്ഷിക്കുകയും അവനാൽ പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു—വാ. 9.

യോഹ. 10:9 ഞാൻ വാതിൽ ആകുന്നു; ആരെങ്കിലും എന്നിലൂടെ

പ്രവേശിക്കുന്നുവെങ്കിൽ, അവൻ രക്ഷിക്കപ്പെടുകയും, അകത്തേക്കു പോകുകയും, പുറത്തേക്കു പോകുകയും, മേച്ചിൽപ്പുറം കണ്ടെത്തുകയും ചെയ്യും.

3. തന്റെ മേയ്പിൻകീഴിൽ കർത്താവ് യെഹൂദന്മാരെയും ജാതികളെയും ഒരു ആട്ടിൻകൂട്ടമായി (സഭ, ക്രിസ്തുവിന്റെ ശരീരം) ചേർത്തിരിക്കുന്നു—വാ. 16.

യോഹ. 10:16 ഈ ആലയിൽനിന്നല്ലാത്ത വേറെ ആടുകളും എനിക്കുണ്ട്; ഞാൻ അവയെയും നയിക്കേണ്ടതാകുന്നു, അവ എന്റെ ശബ്ദം കേൾക്കുകയും, ഒരു ആട്ടിൻകൂട്ടവും, ഒരു ഇടയനും ആകുകയും ചെയ്യും.

B. "നിത്യ ഉടമ്പടിയുടെ രക്തത്തിൽ, ആടുകളുടെ മഹാ ഇടയനായ, നമ്മുടെ കർത്താവായ യേശുവിനെ" ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചിരിക്കുന്നു—എബ്രാ. 13:20:

1. നിത്യ ഉടമ്പടി എന്നത് മേയ്പിലൂടെ പുതിയ യെരൂശലേമിനെ പരിണതമാക്കുന്നതാണ്.
2. നിത്യ ഉടമ്പടി എന്നത് ഒരു ആട്ടിൻകൂട്ടത്തെ നേടാനുള്ള പുതിയനിയമ ഉടമ്പടിയാണ്, അത് ക്രിസ്തുവിന്റെ ശരീരത്തിൽ ബഹിർഗമിക്കുകയും പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുകയും ചെയ്യുന്ന സഭയാണ്.

C. മുഖ്യ ഇടയനെന്ന നിലയിൽ, ക്രിസ്തു സഭകളിലെ മൂപ്പന്മാരിലൂടെ തന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുന്നു—1 പത്രൊ. 5:4:

1 പത്രൊ. 5:4 മുഖ്യ ഇടയൻ വെളിവാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം കൈക്കൊള്ളും.

1. മൂപ്പന്മാരുടെ മേയ്പ് കൂടാതെ സഭയെ കെട്ടുപണി ചെയ്യുവാൻ കഴിയുകയില്ല.
2. മൂപ്പന്മാരുടെ മേയ്പ് ക്രിസ്തു അവരിലൂടെ മേയ്ക്കുന്നതായിരിക്കണം.

D. നമ്മുടെ ദേഹികളുടെ ഇടയനെന്ന നിലയിൽ, ശ്വാസമായ ക്രിസ്തു നമ്മുടെ ആന്തരിക ആളത്തത്തിന്റെ അവസ്ഥയെ കരുതിക്കൊണ്ട് നമ്മുടെ ആന്തരിക അവസ്ഥയ്ക്കു മേൽനോട്ടം വഹിക്കുന്നു—2:25:

1 പത്രൊ. 2:25 നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു.

1. നമ്മുടെ ആന്തരിക ആളത്തത്തിന്റെ ക്ഷേമത്തിനായി കരുതിക്കൊണ്ടും, നമ്മുടെ ആന്തരിക അസ്തിത്വത്തിന്റെ അവസ്ഥയ്ക്ക് മേൽവിചാരകത്വം നിർവഹിച്ചുകൊണ്ടും അവൻ നമ്മെ മേയ്ക്കുന്നു.
2. നമ്മുടെ ദേഹി വളരെ സങ്കീർണ്ണമായതുകൊണ്ട്, നമ്മുടെ ദേഹിയിൽ നമ്മെ മേയ്ക്കുന്നതിനും, നമ്മുടെ മനസ്സ്, വികാരം, ഇച്ഛാശക്തി, നമ്മുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, മുറിവുകൾ എന്നിവയ്ക്കായി കരുതുന്നതിനും, നമ്മുടെ ആത്മാവിൽ ജീവൻ നൽകുന്ന ആത്മാവായ ക്രിസ്തുവിനെ നമുക്ക് ആവശ്യമാണ്.

V. "**ദൈവത്തിനൊത്തവണ്ണം... ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുവിൻ**"—5:2:

A. *ദൈവത്തിനൊത്തവണ്ണം* എന്നാൽ നാം ദൈവത്തെ ജീവിക്കുന്നു എന്നാണ്—1 തെസ്സ. 3:8; 5:10.

| | |
|---|---|
| 1 തെസ്സ. 3:8 | എന്തുകൊണ്ടെന്നാൽ നിങ്ങൾ കർത്താവിൽ ഉറച്ചു നിൽക്കുന്നെങ്കിൽ ഞങ്ങൾ ഇപ്പോൾ ജീവിക്കുന്നു. |
| 1 തെസ്സ. 5:10 | നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും അവനോടുകൂടെ ജീവിക്കേണ്ടതിന് അവൻ നമുക്കു വേണ്ടി മരിച്ചു. |

B. നാം ദൈവത്തോട് ഒന്നാകുമ്പോൾ, ദൈവത്വത്തിലല്ല, ജീവനിലും സ്വഭാവത്തിലും നാം ദൈവമായിത്തീരുന്നു, കൂടാതെ മറ്റുള്ളവരെ മേയ്ക്കുന്നതിൽ നാം ദൈവമാകുന്നു—റോമ. 11:24.

| | |
|---|---|
| റോമ. 11:24 | സ്വഭാവത്താൽ കാട്ടൊലിവായിരുന്നതിൽനിന്ന് നിന്നെ മുറിച്ചുമാറ്റി സ്വഭാവത്തിന് വിരുദ്ധമായ നാട്ടൊലിവിലേക്ക് ഒട്ടിച്ചെങ്കിൽ, സ്വാഭാവിക ശാഖകളായ ഇവരെ തങ്ങളുടെ സ്വന്തം ഒലിവിലേക്ക് എത്രയധികം ഒട്ടിക്കും! |

C. ദൈവത്തിനൊത്തവണ്ണം മേയ്ക്കുക എന്നാൽ നമ്മുടെ മുൻഗണനയ്ക്കും താൽപര്യത്തിനും ഉദ്ദേശ്യത്തിനും സഹജസ്വഭാവത്തിനും ഒത്തവണ്ണമല്ല, ദൈവത്തിന്റെ സ്വഭാവത്തിനും ആഗ്രഹത്തിനും മാർഗത്തിനും തേജസ്സിനും ഒത്തവണ്ണം മേയ്ക്കുക എന്നാണ്.

D. ദൈവത്തിനൊത്തവണ്ണം മേയ്ക്കുക എന്നാൽ തന്റെ സദ്ഗുണങ്ങളിൽ ദൈവം താൻ ആയിരിക്കുന്നതിനൊത്തവണ്ണം മേയ്ക്കുക എന്നാണ്—എഫെ. 4:18; 1 യോഹ. 4:8; വെളി. 15:3.

| | |
|---|---|
| എഫെ. 4:18 | അവർ തങ്ങളുടെ അറിവിൽ ഇരുണ്ടുപോയിട്ട്, തങ്ങളിലുള്ള അജ്ഞത നിമിത്തം, തങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തം തന്നെ, ദൈവജീവനിൽ നിന്ന് അകന്നിരിക്കുന്നു; |
| 1 യോഹ. 4:8 | സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ. |
| വെളി. 15:3 | അവർ, ദൈവത്തിന്റെ അടിമയായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി പറയുന്നത്, സർവശക്തനായ ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതകരവുമാകുന്നു! രാഷ്ട്രങ്ങളുടെ രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവയാകുന്നു! |

E. ദൈവത്തിനൊത്തവണ്ണം മേയ്ക്കുന്നതിന്, നാം ജീവനിലും, സ്വഭാവത്തിലും, ആവിഷ്കാരത്തിലും, പ്രവർത്തനത്തിലും ദൈവമായിത്തീരണം:

1. ദിവ്യജീവന്റെ ആകെത്തുകയായിത്തീരുന്നതിന്, ദിവ്യജീവൻ തന്നെയായിത്തീരുന്നതിന്, ഉറവയായും പ്രവാഹമായും നദിയായും ത്രിയേക ദൈവത്തെ ആസ്വദിച്ചുകൊണ്ട്, നാം ദിവ്യജീവനാൽ വക്കൊളം നിറയണം—യോഹ. 4:14; കൊലൊ. 3:4.

| | |
|---|---|
| യോഹ. 4:14 | എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു. |

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

2. സ്നേഹം, വെളിച്ചം, നീതി, വിശുദ്ധി എന്നീ ഗുണങ്ങളിൽ നാം ദൈവമായിത്തീരണം.

3. നമ്മുടെ മേയ്പിൽ നമ്മുടെ സ്വയത്തെ അതിന്റെ സഹജസ്വഭാവത്തോടും പ്രത്യേകതകളോടുംകൂടെ ആവിഷ്കരിക്കാതെ ദൈവത്തെ ആവിഷ്കരിക്കരിക്കേണ്ടതിന്, നാം ദൈവത്തിന്റെ ആവിഷ്കാരമായ ക്രിസ്തുവിന്റെ പുനരുൽപ്പാദനമാകണം.

4. ദൈവം താൻ ആയിരിക്കുന്നതിലും തന്റെ വ്യവസ്ഥയിൽ തന്റെ ലക്ഷ്യത്തിനൊത്തവണ്ണവും ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുന്ന അവന്റെ പ്രവർത്തനത്തിൽ, നാം ദൈവമായിത്തീരേണ്ടതുണ്ട്.

F. ദൈവത്തിനൊത്തവണ്ണം നാം മേയ്ക്കണമെങ്കിൽ, നാം ദൈവത്തോട് ഒന്നായിത്തീരണം—യോഹ. 14:20; 1 കൊരി. 6:17:

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

1. വേദപുസ്തകത്തിലെ അടിസ്ഥാന തത്ത്വം എന്നത്, തന്റെ വ്യവസ്ഥയിൽ ദൈവം തന്നെത്തന്നെ മനുഷ്യനോടും മനുഷ്യനെ തന്നോടും ഒന്നാക്കുന്നു എന്നാണ്—യോഹ. 15:4; 1 കൊരി. 6:17.

യോഹ. 15:4 എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും. ശാഖയ്ക്ക് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി ഫലം കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

2. ദിവ്യ ജീവനും മനുഷ്യജീവനും ഒന്നായി ചേർന്ന് ഒരു ജീവനും ഒരു ജീവിതവും ആയിത്തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നു—യോഹ. 6:57; ഗലാ. 2:20.

യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

G. ദൈവത്തിനൊത്തവണ്ണം മേയ്ക്കുന്നതിന് നാം ദൈവത്താൽ സംരചിക്കപ്പെടേണ്ടതുണ്ട്—എഫെ. 3:17; കൊലൊ. 3:10-11:

എഫെ. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ

തന്റെ ഭവനം പണിയുവാനും,...

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു..

1. അവന്റെ അസ്തിത്വത്തോട് ഏക സംരചനയായിത്തീരുന്നതിന്, നമ്മുടെ ആളത്തം അവന്റെ ആളത്തത്താൽ സംരചിക്കപ്പെടേണ്ടതിന്, ദൈവം അവനെത്തന്നെ നമ്മുടെ ആളത്തത്തിലേക്ക് പകരുവാൻ വാഞ്ഛിക്കുന്നു—എഫെ. 3:17; കൊലൊ. 3:10-11.

   എഫെ. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും,...

   കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

   കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

2. ദൈവത്വത്തിലല്ല, ജീവനിലും സ്വഭാവത്തിലും ദൈവത്തെപോലെയാകുവാൻ നമ്മെ ഇടയാക്കുന്നതിന്, ദിവ്യ ആളത്തം എന്ന നിലയിൽ തന്റെ മൂലകംകൊണ്ട് ദൈവം നമ്മെ നിവേശിപ്പിക്കുന്നു—2 കൊരി. 13:14.

   2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

H. ദൈവത്തെ ജീവിക്കുന്നവർക്ക് മാത്രമേ ദൈവത്തിനൊത്തവണ്ണം മേയ്ക്കുവാൻ കഴിയുകയുള്ളൂ—ഫിലി. 1:21:

ഫിലി. 1:21s എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

1. നാം ദൈവത്തെ ജീവിക്കേണ്ടതിന് അവനെ നമ്മുടെ ജീവനും ജീവസഹായവുമായി സ്വീകരിക്കുവാൻ അവനെത്തന്നെ നമ്മിലേക്ക് പണിയുന്നതാണ് ദൈവത്തിന്റെ വ്യവസ്ഥ—യോഹ. 11:25; 6:48, 57.

   യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

   യോഹ. 6:48 ഞാൻ ജീവന്റെ അപ്പം ആകുന്നു.

   യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

2. നമ്മുടെ മനുഷ്യത്വത്തിൽ ദൈവത്തെ ജീവിക്കുവാൻ കഴിയേണ്ടതിന് നാം ദിവ്യ ജീവനിലും ദിവ്യ സ്വഭാവത്തിലും പങ്കാളികളാകുന്നു—ഗലാ. 2:20.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

I. ദൈവത്തിനൊത്തവണ്ണം മേയ്ക്കുന്നവരെന്ന നിലയിൽ, നാം ദൈവത്തെ പ്രതിനിധീകരിക്കുകയും പ്രവർത്തിക്കുന്ന ദൈവമെന്ന നിലയിൽ പ്രവർത്തിക്കുകയും വേണം:

1. യഹോവ മോശെയെ "ഫറവോന് ദൈവമാക്കി"; മോശെയിൽ, ദൈവത്തിന് തന്നെ പ്രതിനിധീകരിക്കാനും അവന്റെ ഹിതം നിറവേറ്റാനും ഒരുവൻ ഉണ്ടായിരുന്നു—പുറ. 7:1; 3:16-18; 5:1.

പുറ. 7:1 യഹോവ മോശെയോടു അരുളിച്ചെയ്തതു: നോക്കു, ഞാൻ നിന്നെ ഫറവോന്നു ദൈവമാക്കിയിരിക്കുന്നു; നിന്റെ സഹോദരൻ അഹരോൻ നിനക്കു പ്രവാചകനായിരിക്കും.

പുറ. 3:16 നീ ചെന്നു യിസ്രായേൽമൂപ്പന്മാരെ കൂട്ടി അവരോടു: അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായി, നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ എനിക്കു പ്രത്യക്ഷനായി കല്പിച്ചതു: ഞാൻ നിങ്ങളെയും മിസ്രയീമിൽ അവർ നിങ്ങളോടു ചെയ്യുന്നതിനെയും സന്ദർശിക്കുന്നു.

പുറ. 3:17 മിസ്രയീമിലെ കഷ്ടതയിൽനിന്നു കനാന്യർ, ഹിത്യർ, അമോർയ്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തേക്കു, പാലും തേനും ഒഴുകുന്ന ദേശത്തേക്കു നിങ്ങളെ കൊണ്ടുപോകുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു എന്നു പറക.

പുറ. 3:18 എന്നാൽ അവർ നിന്റെ വാക്കു കേൾക്കും. അപ്പോൾ നീയും യിസ്രായേൽമൂപ്പന്മാരും മിസ്രയീംരാജാവിന്റെ അടുക്കൽ ചെന്നു അവനോടു: എബ്രായരുടെ ദൈവമായ യഹോവ ഞങ്ങൾക്കു വെളിപ്പെട്ടുവന്നിരിക്കുന്നു. ആകയാൽ ഞങ്ങൾ മൂന്നു ദിവസത്തെ വഴി മരുഭൂമിയിൽ ചെന്നു ഞങ്ങളുടെ ദൈവമായ യഹോവെക്കു യാഗം കഴിക്കട്ടെ എന്നു പറവിൻ.

പുറ. 5:1 അതിന്റെശേഷം മോശെയും അഹരോനും ചെന്നു ഫറവോനോടു: മരുഭൂമിയിൽ എനിക്കു ഉത്സവം കഴിക്കേണ്ടതിന്നു എന്റെ ജനത്തെ വിട്ടയക്കേണം എന്നിപ്രകാരം യിസ്രായേലിന്റെ ദൈവമായ യഹോവ

കല്പിക്കുന്നു എന്നു പറഞ്ഞു.

2. ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ, ശമൂവേൽ പ്രവർത്തിക്കുന്ന ദൈവമായിരുന്നു—1 ശമു. 1:11; 2:35; 7:3; 8:22:

| | |
|---|---|
| 1 ശമൂ. 1:11 | അവൾ ഒരു നേർച്ചനേർന്നു; സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നല്കുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവെക്കു കൊടുക്കും; അവന്റെ തലയിൽ ക്ഷൌരക്കത്തി തൊടുകയുമില്ല എന്നു പറഞ്ഞു. |
| 1 ശമൂ. 2:35 | എന്നാൽ എന്റെ പ്രസാദവും ഹിതവും അനുഷ്ഠിക്കുന്ന ഒരു വിശ്വസ്തപുരോഹിതനെ ഞാൻ എനിക്കു എഴുന്നേല്പിക്കും; അവന്നു ഞാൻ സ്ഥിരമായോരു ഭവനം പണിയും; അവൻ എന്റെ അഭിഷിക്തന്റെ മുമ്പാകെ നിത്യം പരിചരിക്കും. |
| 1 ശമൂ. 7:3 | അപ്പോൾ ശമൂവേൽ എല്ലായിസ്രായേൽഗൃഹത്തോടും: നിങ്ങൾ പൂർണ്ണഹൃദയത്തോടെ യഹോവയിങ്കലേക്കു തിരിയുന്നു എങ്കിൽ അന്യദൈവങ്ങളെയും അസ്തോരെത്ത് പ്രതിഷ്ഠകളെയും നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളഞ്ഞു നിങ്ങളുടെ ഹൃദയങ്ങളെ യഹോവയിങ്കലേക്കു തിരിക്കയും അവനെ മാത്രം സേവിക്കയും ചെയ്വിൻ; എന്നാൽ അവൻ നിങ്ങളെ ഫെലിസ്ത്യരുടെ കയ്യിൽനിന്നു വിടുവിക്കും എന്നു പറഞ്ഞു. |
| 1 ശമൂ. 8:22 | യഹോവ ശമൂവേലിനോടു: അവരുടെ വാക്കു കേട്ടു അവർക്കു ഒരു രാജാവിനെ വാഴിച്ചുകൊടുക്ക എന്നു കല്പിച്ചു. ശമൂവേൽ യിസ്രായേല്യരോടു: നിങ്ങൾ ഓരോരുത്തൻ താന്താന്റെ പട്ടണത്തിലേക്കു പൊയ്ക്കൊൾവിൻ എന്നു പറഞ്ഞു. |

   a. ശമൂവേലിന്റെ അസ്തിത്വവും ദൈവത്തിന്റെ ഹൃദയവും ഒന്നായിരുന്നതുകൊണ്ട് അവന് പ്രവർത്തിക്കുന്ന ദൈവമായിരിക്കുവാൻ കഴിഞ്ഞു—2:35.

| | |
|---|---|
| 1 ശമൂ. 2:35 | എന്നാൽ എന്റെ പ്രസാദവും ഹിതവും അനുഷ്ഠിക്കുന്ന ഒരു വിശ്വസ്തപുരോഹിതനെ ഞാൻ എനിക്കു എഴുന്നേല്പിക്കും; അവന്നു ഞാൻ സ്ഥിരമായോരു ഭവനം പണിയും; അവൻ എന്റെ അഭിഷിക്തന്റെ മുമ്പാകെ നിത്യം പരിചരിക്കും. |

   b. ശമൂവേലിന്റെ ജീവിതവും വേലയും ദൈവത്തിന്റെ ഹൃദയത്തിലുള്ളത് നടപ്പിലാക്കുന്നതിനായിരുന്നു.

3. ദൈവപുരുഷനെന്ന നിലയിൽ എലീശാ പ്രവാചകൻ തന്റെ ശുശ്രൂഷയിൽ ദൈവത്തിന്റെ പ്രതിനിധിയെന്ന നിലയിൽ, പ്രവർത്തിക്കുന്ന ദൈവമെന്ന

നിലയിൽ പെരുമാറി; ഇന്ന് ക്രിസ്തുവിലുള്ള വിശ്വാസികളായ നമുക്കും അങ്ങനെതന്നെ ആയിരിക്കുവാൻ കഴിയും—2 രാജാ. 4:9; 1 തിമൊ. 6:11.

2 രാജാ. 4:9 — അവൾ തന്റെ ഭർത്താവിനോടു: നമ്മുടെ വഴിയായി കൂടക്കൂടെ കടന്നുപോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു.

1 തിമൊ. 6:11 — എന്നാൽ നീയോ, ഹാ! ദൈവത്തിന്റെ മനുഷ്യാ, ഇവ വിട്ടോടുകയും, നീതി, ദൈവികത, വിശ്വാസം, സ്നേഹം, സഹിഷ്ണുത, സൗമ്യത എന്നിവ പിൻപറ്റുകയും ചെയ്യുക.

J. ദൈവത്തിനൊത്തവണ്ണം മേയ്ക്കുക എന്നാൽ മറ്റുള്ളവർക്ക് ദൈവത്തെ ശുശ്രൂഷിക്കുക എന്നാണ്—2 കൊരി. 13:14:

2 കൊരി. 13:14 — കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

1. ത്രിയേക ദൈവം ക്രിസ്തുവിൽ ദേഹരൂപമെടുക്കുകയും പരിണതി പ്രാപിച്ച ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്യുന്നു; ഈ ദൈവത്തെയാണ് നാം ആരാധിക്കുകയും പ്രഖ്യാപിക്കുകയും മറ്റുള്ളവർക്ക് ശുശ്രൂഷിക്കുകയും ചെയ്യുന്നത്—കൊലൊ. 2:9; 1 കൊരി. 15:45b; 2 കൊരി. 1:3-4, 12, 15-16; 2:10; 13:14.

കൊലൊ. 2:9 — അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

1 കൊരി. 15:45b — ... ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു.

2 കൊരി. 1:3 — മനസ്സലിവുകളുടെ പിതാവും സകല ആശ്വാസത്തിന്റെയും ദൈവവുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ,

2 കൊരി. 1:4 — ദൈവം ഞങ്ങളെ ആശ്വസിപ്പിച്ച ആശ്വാസത്താൽ, സകല ക്ലേശത്തിലും ആയിരിക്കുന്നവരെ ഞങ്ങൾക്ക് ആശ്വസിപ്പിക്കുവാൻ കഴിയേണ്ടതിന്, ഞങ്ങളുടെ സകല ക്ലേശത്തിലും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.

2 കൊരി. 1:12 — ഞങ്ങൾ ലോകത്തിൽ, അതിലുപരി നിങ്ങളുടെ മുമ്പാകെ, ജഡിക ജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും, ഞങ്ങളെത്തന്നെ നടത്തിയിരിക്കുന്നു എന്ന ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം, ഞങ്ങളുടെ പ്രശംസയാകുന്നു.

2 കൊരി. 1:15 — ഈ നിശ്ചയത്തിൽ നിങ്ങൾക്ക് ഇരട്ടി കൃപ ഉണ്ടാകേണ്ടതിന്, ഞാൻ മുമ്പേ നിങ്ങളുടെ അടുക്കൽ വരുവാനും,

| | |
|---|---|
| 2 കൊരി. 1:16 | നിങ്ങളുടെ വഴിയായി മക്കെദോന്യയിലേക്ക് കടന്നുപോകുവാനും, വീണ്ടും മക്കെദോന്യയിൽനിന്ന് നിങ്ങളുടെ അടുക്കൽ വന്ന് നിങ്ങളാൽ യെഹൂദ്യയിലേക്ക് മുമ്പോട്ട് അയയ്ക്കപ്പെടുവാനും ഉദ്ദേശിച്ചു. |
| 2 കൊരി. 2:10 | എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു. |
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.. |

2. നാം അന്യോന്യം ദൈവത്തെ ശുശ്രൂഷിക്കണമെങ്കിൽ, നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെട്ട പ്രക്രിയാവിധേയനായ ദൈവത്തെ ശുശ്രൂഷിച്ചുകൊണ്ട്, കൃപയുടെയും സത്യത്തിന്റെയും ആത്മാവിന്റെയും ജീവന്റെയും വാക്കുകൾ നാം സംസാരിക്കണം—എഫെ. 3:16-17; 4:25, 29; യോഹ. 6:63.

| | |
|---|---|
| എഫെ. 3:16 | അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും, |
| എഫെ. 3:17a | അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും,... |
| എഫെ. 4:25 | അതിനാൽ കളവിനെ ഉരിഞ്ഞു കളഞ്ഞിട്ട്, ഓരോരുത്തനും തന്റെ അയൽക്കാരനോട് സത്യം സംസാരിക്കുവിൻ, നാം അന്യോന്യം അവയവങ്ങൾ ആകുന്നുവല്ലോ. |
| എഫെ. 4:29 | നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടട്ടെ. |
| യോഹ. 6:63 | ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. |